LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദവിവരം പട്ടികപ്രകാരം ചുവടെ ചേർക്കുന്നു:

കുറ്റകൃത്യങ്ങളുടെ ഇനം	ആൺകുട്ടികൾ	പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ
ലൈംഗികാതിക്രമം	676	4910
മറ്റ് അതിക്രമങ്ങൾ	1820	1330

(ബി) വിശദവിവരം പട്ടികപ്രകാരം ചുവടെ ചേർക്കുന്നു:

കുറ്റകൃത്യങ്ങളുടെ ഇനം	ആൺകുട്ടികൾ	പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ
വീടുകളിൽ	242	1364
വിദ്യാലയങ്ങളിൽ	103	157

(സി) വിശദവിവരം ഇനം തിരിച്ച് പട്ടിക പ്രകാരം ചുവടെ ചേർക്കുന്നു:

കുറ്റകൃത്യങ്ങളുടെ ഇനം	ആൺകുട്ടികൾ	പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ
ലൈംഗികാതിക്രമം	1	3
മറ്റ് അതിക്രമങ്ങൾ	67	57

(ഡി) വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*.

(ഇ&എഫ്) ജില്ലതിരിച്ചുള്ള വിശദവിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*.

ട്രാൻസ്പോർട്ട് ജീവനക്കാരുടെ പണിമുടക്ക്

320 (298) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ചു എന്നാരോപിച്ച് ഡ്രൈവറെ ഫോർട്ട് പോലീസ് കസ്റ്റഡിയിലെടുത്തതിനെത്തുടർന്ന് തലസ്ഥാനത്ത് ട്രാൻസ്പോർട്ട് ജീവനക്കാർ പണിമുടക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഡ്രൈവറുടെ രക്തപരിശോധന നടത്തിയിരുന്നോ; പരിശോധനയിൽ ഡ്രൈവർ മദ്യപിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരോപണം തെറ്റാണെന്ന് ബോദ്ധ്യപ്പെട്ട ഉടനെ ഡ്യൂട്ടിയിലായിരുന്ന ഡ്രൈവറെ മോചിപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മദ്യപിച്ചെന്നാരോപിച്ച് ഫോർട്ട് പോലീസ് കസ്റ്റഡിയിലെടുത്തയാളെ ട്രാഫിക് സ്റ്റേഷന് കൈമാറിയിരുന്നോ; എങ്കിൽ എന്തിനുവേണ്ടിയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) നിസ്സാര പ്രശ്നത്തിന്റെ പേരിൽ തലസ്ഥാന നഗരിയിലെ നൂറുകണക്കിനു സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള ജനസഞ്ചയം ദുരിതമനുഭവിക്കാൻ ഇടയാക്കിയതിന് ഉത്തരവാദികൾ ആരെന്നു കണ്ടെത്താൻ സമഗ്രമായ അന്വേഷണം നടത്തുമോ;

(ഇ) ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ ക്രിമിനൽ കേസിൽ പ്രതിയായ മകന് രക്ഷപ്പെടാൻ അവസരമൊരുക്കിയെന്ന് ആരോപണം നേരിടുന്ന പോലീസ് സേനയിലെ ഒരു വിഭാഗം ശ്രദ്ധ തിരിക്കാനും ജനങ്ങളെ ദുരിതത്തിലാക്കാനും സർക്കാരിനെ അപമാനിക്കാനും നടത്തുന്ന ഇത്തരം ഹീനപ്രവൃത്തികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിൽ വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്നതിനാൽ വാഹന പരിശോധന നടത്തി വരവേ മദ്യപിച്ച് വാഹനം ഓടിച്ചു വരുന്നതായി സംശയം തോന്നിയതിനാൽ കെ.എസ്.ആർ.ടി.സി. പാപ്പനംകോട് ഡിപ്പോയിലെ RT721 ബസ് കൈ കാണിച്ച് നിർത്തിയപ്പോൾ ഗതാഗത തടസ്സമുണ്ടാക്കി ടി വാഹനം നിർത്തിയിട്ടശേഷം ഡ്രൈവർ ഇറങ്ങിപ്പോയതിന് ടിയാനെ പ്രതിയാക്കി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 4746/15/u/s 283 പ്രകാരം 29-12-2015-ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് അന്നേ ദിവസം വൈകി കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ മുടക്കി ബസുകൾ റോഡിലുപേക്ഷിച്ച് പണിമുടക്കിയ കണ്ടാലറിയാവുന്ന 75 കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2855/2015 u/s 143,147,149,283 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ബി) രക്ത പരിശോധന നടത്തിയിട്ടില്ല. ആൽക്കോമീറ്റർ ടെസ്റ്റ് നടത്തിയതിൽ മദ്യപിച്ചിട്ടില്ലായെന്ന് ബോധ്യമായതിനാൽ ടിയാനെ വിട്ടയച്ചു

GPM. 2/237/2020-107

LIBRARY ARCHIVES Kerala Legislative Assembly

(സി) മദ്യപിച്ചു എന്നാരോപിച്ച് ഫോർട്ട് പോലീസ് കെ.എസ്.ആർ.ടി.സി. ഡ്രൈവറെ കസ്റ്റഡിയിൽ എടുത്തിട്ടില്ല. 29-12-2015 തീയതി കിഴക്കേകോട്ടയിൽ ഗതാഗതതടസ്സം സൃഷ്ടിച്ചതിന് സിറ്റി ട്രാഫിക് പോലീസ് ഒരു കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്.

(ഡി) ഗതാഗത തടസ്സമുണ്ടാക്കി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കത്തക്ക വിധം പണിമുടക്കിയ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2855/2015 u/s 143,147,149,283 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ഇ) പോലീസ് നിയമപരമായ നടപടികൾ മാത്രമാണ് ഈ സംഭവത്തിൽ സ്വീകരിച്ചിട്ടുള്ളത്.

പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം

321 (299) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പ്രായ പൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; 2011, 2012, 2013, 2014, 2015 എന്നീ വർഷങ്ങളിലെ കണക്കുകൾ പ്രത്യേകം വെളിപ്പെടുത്താമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് 5887 കേസുകൾ 31-12-2015 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2011 മുതൽ 2015 വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

2011 (18-5-2011 മുതൽ 31-12-2011 വരെ)	544
2012	885
2013	1283
2014	1560
2015	1615
ആകെ	5887

LIBRARY ARCHIVES Kerala Legislative Assembly